പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3031 — 13.07.2015 ൽ മറുപടിക്ക്

## സംസ്ഥാനത്തെ അന്യ സംസ്ഥാനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഔദ്യോഗിക കണക്കുകൾ പ്രകാരം സംസ്ഥാനത്ത് എത്ര അന്യ സംസ്ഥാനക്കാരായ ആളുകൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) 1,49,285 അന്യസംസ്ഥാനക്കാർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സംസ്ഥാനത്തെത്തിയിട്ടുള്ള അന്യ സംസ്ഥാനക്കാരിൽ എത്ര ആളുകൾ ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുണ്ടെന്ന ജില്ലതിരിച്ചു വ്യക്തമാക്കുമോ; | (ബി) 2600 പേർ ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) അന്യ സംസ്ഥാനക്കാരുടെ കണക്കെടുക്കുന്നതിൽ എന്തു മാനദണ്ഡമാണ് സംസ്ഥാനത്ത് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) അന്യസംസ്ഥാനക്കാരായ ആളുകൾ താമസിക്കുന്ന സ്ഥലത്തെത്തിയും അവരെ ജോലിക്കുനിയോഗിക്കുന്ന കോൺട്രാക്ടർമാരോട് അന്യസംസ്ഥാന ആളുകളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അറിയിക്കുന്നതിനും ആയതിന് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയും വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ഡി) അവരവരുടെ നാടുകളിൽ തന്നെ ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുള്ളവർ സംസ്ഥാനത്ത് എത്തുന്നത് തടയാൻ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) അന്യസംസ്ഥാനക്കാരായ ആളുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വരുന്നതും, അവർ ഇതിനുമുമ്പ് കേസ്സുകളിലോ മറ്റോ ഉൾപ്പെട്ടിട്ടുണ്ടോയെന്നും മറ്റുമുള്ള വിവരങ്ങൾ, പേരുവിവരം രേഖപ്പെടുത്തുവാൻ പോലീസ് സ്റ്റേഷനിൽ എത്തുന്ന സമയത്ത്, ടിയാന്മാരുടെ ഹോം സ്റ്റേഷനിലെ പോലീസ് ക്ലീയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുള്ള നിർദ്ദേശം നൽകിവരുന്നുണ്ട്. |

Rajani.M

സെക്ഷൻ ഓഫീസർ

# അനുബന്ധം

| G1/929/LAI/SCRB/15 | | |
|---|---|---|
| Districts | സംസ്ഥാനത്തെ അന്യ സംസ്ഥാനക്കാരായ ആളുകളുടെ എണ്ണം | അന്യ സംസ്ഥാനക്കാരിൽ ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുള്ളവരുടെ എണ്ണം |
| TVM C | 5756 | 150 |
| TVM R | 6873 | 55 |
| KLM C | 5197 | 25 |
| KLM R | 3930 | 35 |
| PTA | 4635 | 103 |
| ALP | 4778 | 68 |
| KTM | 13317 | 110 |
| IDK | 1825 | 11 |
| EKM C | 14912 | 383 |
| EKM R | 40590 | 428 |
| TSR C | 3033 | 25 |
| TSR R | 6541 | 29 |
| PKD | 5788 | 537 |
| MPM | 6366 | 273 |
| KKD C | 6681 | 99 |
| KKD R | 4233 | 95 |
| WYD | 2742 | 4 |
| KNR | 8122 | 59 |
| KSD | 3966 | 23 |
| RLY | 0 | 88 |
| **Total** | **149285** | 2600 |

Rajani.M
സെക്ഷൻ ഓഫീസർ